**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2505** | **17-03-2022 - ൽ മറുപടിയ്ക്ക്**

**ഉത്സവ കച്ചവടക്കാർക്ക് ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | null<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉത്സവങ്ങളോട് അനുബന്ധിച്ചുള്ള കച്ചവടം നടത്തി ഉപജീവനം കണ്ടെത്തിയിരുന്നവർ കോവിഡ് പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ദുരിതമനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കോവിഡ് സാഹചര്യത്തിൽ വിവിധ ക്ഷേമനിധി ബോർഡുകളിലെ അംഗങ്ങൾക്ക് ആശ്വാസ ധനസഹായം നൽകിയ വകയിൽ സാമ്പത്തിക ഭദ്രത കുറഞ്ഞ ക്ഷേമനിധി ബോർഡുകളിലെ അംഗങ്ങൾക്ക് 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിൽ സർക്കാർ 1000 രൂപ വീതം ആശ്വാസ ധനസഹായം അനുവദിച്ചിട്ടുണ്ട്. കൂടാതെ കോവിഡ് സാഹചര്യത്തിൽ സാമൂഹ്യ സുരക്ഷാ/ക്ഷേമ പെൻഷനുകൾ ലഭിക്കാത്ത ഓരോ BPL(PHH), AAY കുടുംബത്തിനും 1000 രൂപയുടെ ധനസഹായം രണ്ടു തവണ സർക്കാർ അനുവദിച്ചിരുന്നു. എന്നാൽ ഉത്സവത്തോട് അനുബന്ധിച്ചുള്ള കച്ചവടം നടത്തി ഉപജീവനം കണ്ടെത്തുന്നവർക്ക് കോവിഡ് പ്രതിസന്ധി സാഹചര്യത്തിൽ പ്രത്യേകമായി ധനസഹായം അനുവദിക്കണമെന്നാവശ്യപ്പെട്ട് ഭരണ വകുപ്പിൽ നിന്നും ശിപാർശകളൊന്നും ധന(തൊഴിൽ) വകുപ്പിൽ ലഭ്യമാക്കിയിട്ടില്ല. നിലവിൽ കോവിഡ് നിയന്ത്രണങ്ങളിൽ ഇളവ് അനുവദിച്ചുട്ടുള്ളതിനാലും ജനജീവിതം സാധാരണ നിലയിലേയ്ക്ക് വന്നിട്ടുള്ളതിനാലും മേൽ വിഭാഗത്തിന് പ്രത്യേകമായി സാമ്പത്തിക സഹായം അനുവദിക്കേണ്ട സാഹചര്യം നിലവിലില്ല. |
| (ബി) | പ്രസ്തുത കച്ചവടക്കാർക്ക് നാളിതുവരെ എന്തെങ്കിലും ധനസഹായം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരക്കാർക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ബി) | കോവിഡ് സാഹചര്യത്തിൽ വിവിധ ക്ഷേമനിധി ബോർഡുകളിലെ അംഗങ്ങൾക്ക് ആശ്വാസ ധനസഹായം നൽകിയ വകയിൽ സാമ്പത്തിക ഭദ്രത കുറഞ്ഞ ക്ഷേമനിധി ബോർഡുകളിലെ അംഗങ്ങൾക്ക് 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിൽ സർക്കാർ 1000 രൂപ വീതം ആശ്വാസ ധനസഹായം അനുവദിച്ചിട്ടുണ്ട്. കൂടാതെ കോവിഡ് സാഹചര്യത്തിൽ സാമൂഹ്യ സുരക്ഷാ/ക്ഷേമ പെൻഷനുകൾ ലഭിക്കാത്ത ഓരോ BPL(PHH), AAY കുടുംബത്തിനും 1000 രൂപയുടെ |

| | | | |
|---|---|---|---|
| | | | ധനസഹായം രണ്ടു തവണ സർക്കാർ അനുവദിച്ചിരുന്നു. എന്നാൽ ഉത്സവത്തോട് അനുബന്ധിച്ചുള്ള കച്ചവടം നടത്തി ഉപജീവനം കണ്ടെത്തുന്നവർക്ക് കോവിഡ് പ്രതിസന്ധി സാഹചര്യത്തിൽ പ്രത്യേകമായി ധനസഹായം അനുവദിക്കണമെന്നാവശ്യപ്പെട്ട് ഭരണ വകുപ്പിൽ നിന്നും ശിപാർശകളൊന്നും ധന(തൊഴിൽ) വകുപ്പിൽ ലഭ്യമാക്കിയിട്ടില്ല. നിലവിൽ കോവിഡ് നിയന്ത്രണങ്ങളിൽ ഇളവ് അനുവദിച്ചുട്ടുള്ളതിനാലും ജനജീവിതം സാധാരണ നിലയിലേയ്ക്ക് വന്നിട്ടുള്ളതിനാലും മേൽ വിഭാഗത്തിന് പ്രത്യേകമായി സാമ്പത്തിക സഹായം അനുവദിക്കേണ്ട സാഹചര്യം നിലവിലില്ല. |

സെക്ഷൻ ഓഫീസർ